Ph : 0471-2324997, 2327630, Fax : 0471-2324997
e mail : kstatvm@gmail.com

**KERALA SCHOOL TEACHERS ASSOCIATION**
Reg. No. Go(MS)25/96/P & ARD Dated : 30-7-1996
(Affiliated to STFI)
**State Committee, Thycaud P.O., Thiruvananthapuram -695 014**

23.11.2010

**ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി**
കേരള സർക്കാർ, തിരുവനന്തപുരം.

സർ,

വിഷയം : **ഏരിയ ഇന്റൻസീവ് സ്കീമിന്റെ ഭാഗമായി ആരംഭിച്ച ഹയർസെക്കന്ററി സ്കൂളുകളിലെ അധ്യാപകരുടെ ശമ്പളം പുനഃസ്ഥാപിക്കുന്നതു സംബന്ധിച്ച്**

സൂചന: **(1) 2010 ഓഗസ്റ്റ് 4 ന്റെ സുപ്രീംകോടതി വിധി**
**(2) GO(MS) 14/2003/G.Edn dated.16.01.2003**
**(3) GO(MS) 323/2004/G.Edn dated.18.10.2004**
**(4) Order No: Acd. A2/23547/HSE/2004 dated.17.02.2005**
**(5)Order No: Acd. A2/23547/HSE/2004 dated.17.02.2005**
**(6) GO(MS) 42/2006/G.Edn dated.01.02.2006**
**(7) GO(MS) 21/2009/G.Edn dated.13.09.2009**
**(8) A1/1396/2009-RDD CLT dated 05.01.2010**

പിന്നോക്ക പ്രദേശങ്ങളിൽ അധിവസിക്കുന്ന മുസ്ലീം ജനവിഭാഗത്തിന്റെ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യംവെച്ചുകൊണ്ട് 1992 ൽ ആരംഭിച്ചവയാണ് കേരളത്തിലെ വടക്കൻ ജില്ലകളിലുള്ള ഏരിയ ഇന്റൻസീവ് പ്രോഗ്രാം (എ.ഐ.പി) സ്കൂളുകൾ. സൂചന 1 പ്രകാരം മറ്റ് സർക്കാർ എയ്ഡഡ് സ്കൂൾ ജീവനക്കാരുടേതിനു തുല്യമായി ഡി.എ യും മറ്റ് അലവൻസുകളും നൽകുവാൻ ഉത്തരവായതിനാൽ എ.ഐ.പി.സ്കീമിലെ 5 ഹയർസെക്കന്ററി സ്കൂളിലെ ജീവനക്കാർക്കും ഇൻക്രിമെന്റടക്കം എല്ലാ സർവ്വീസ് ആനുകൂല്യങ്ങളും ലഭിച്ചു. എന്നാൽ ഇവർക്ക് സൂചന 7 പ്രകാരം, ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ തടഞ്ഞുവെച്ചുകൊണ്ട് കോഴിക്കോട് ആർ.ഡി.ഡി. ഉത്തരവിറക്കുകയും സൂചന 9 പ്രകാരം ഈ ആനുകൂല്യങ്ങൾ തിരിച്ചടക്കാൻ ആവശ്യപ്പെടുകയും ചെയ്തു.

ആയതിനാൽ എ.ഐ.പി ഹയർസെക്കന്ററി സ്കൂൾ അധ്യാപകർക്ക് കെ.ഇ.എ.ആർ, കെ.എസ്.ആർ ഹയർസെക്കന്ററി സ്പെഷ്യൽ റൂൾ വ്യവസ്ഥയനുസരിച്ച് ലഭിക്കേണ്ട ഇൻക്രിമെന്റ്, ഗ്രേഡ്, ലീവ്, പെൻഷൻ തുടങ്ങിയ എല്ലാ ആനുകൂല്യങ്ങളും പുനസ്ഥാപിക്കുന്നതിന് ഉത്തരവുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

**സി.ഉസ്മാൻ**
ജനറൽ സെക്രട്ടറി
കെ.എസ്.ടി.എ

Ph : 0471-2324997, 2327630, Fax : 0471-2324997
e mail : kstatvm@gmail.com

KERALA SCHOOL TEACHERS ASSOCIATION

Reg. No. Go(MS)25/96/P & ARD Dated : 30-7-1996

(Affiliated to STFI)

State Committee, Thycaud P.O., Thiruvananthapuram -695 014

23.11.2010

**ബഹു. വിദ്യാഭ്യാസ വകുപ്പുമന്ത്രി**

കേരള സർക്കാർ, തിരുവനന്തപുരം.

സർ,

വിഷയം : **ഏരിയ ഇന്റൻസീവ് സ്കീമിന്റെ ഭാഗമായി ആരംഭിച്ച സ്കൂളുകളിലെ അധ്യാപകർക്ക് സർവ്വീസ് ആനുകൂല്യങ്ങൾ നൽകുന്നതു സംബന്ധിച്ച്**

സൂചന: **(1) 2010 ഓഗസ്റ്റ് 4 ന്റെ സുപ്രീംകോടതി വിധി**

**(2) GO(MS) 14/2003/G.Edn dated.16.01.2003**

**(3) GO(MS) 43/2006/G.Edn dated.01.02.2006**

**(4) GO(MS) 21/2009/G.Edn dated.13.09.2009**

പിന്നോക്ക പ്രദേശങ്ങളിൽ അധിവസിക്കുന്ന മുസ്ലീം ജനവിഭാഗത്തിന്റെ വിദ്യാഭ്യാസ പുരോഗതി ലക്ഷ്യംവെച്ചുകൊണ്ട് 1992 ൽ ആരംഭിച്ചവയാണ് കേരളത്തിലെ വടക്കൻ ജില്ലകളിലുള്ള ഏരിയ ഇന്റൻസീവ് പ്രോഗ്രാം (എ.ഐ.പി) സ്കൂളുകൾ. ഈ സ്കൂളുകളിൽ വർഷങ്ങളോളം ശമ്പളമില്ലാതെ ജോലിചെയ്ത അധ്യാപകർക്ക് സൂചന 2 അനുസരിച്ച് അടിസ്ഥാന ശമ്പളം നൽകാൻ തീരുമാനിച്ചു. സൂചന 3 അനുസരിച്ച് ഇവർക്ക് ക്ഷാമബത്തയും നൽകി. എന്നാൽ ഇവർക്ക് ശമ്പളസ്കെയിലിന്റെ തുടക്ക ശമ്പളവും ക്ഷാമബത്തയും ഒഴികെ മറ്റാനുകൂല്യങ്ങളൊന്നും നൽകിയില്ല. സൂചന 4 ഉത്തരവ് അത് സ്ഥിരീകരിക്കുകയും ചെയ്തു. സൂചന 4 ഉത്തരവ് മുൻഉത്തരവുകളുടെ അന്തസ്സത്തക്കെതിരാണ്.

സൂചന 1 ൽ കാണിച്ച വിധിയനുസരിച്ച് ബഹു. സുപ്രീംകോടതി ഇവർക്ക് സൂചന 2 അനുസരിച്ച് നൽകേണ്ട ആനുകൂല്യങ്ങൾ നൽകണമെന്ന വിധിയുണ്ടാവുകയും ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ കേരളത്തിൽ ഇപ്പോൾ പ്രവർത്തിക്കുന്ന 36 ഏരിയ ഇന്റൻസീവ് സ്കൂളുകളിലെ അധ്യാപകർക്ക് കെ.ഇ.എ.ആർ, കെ.എസ്.ആർ വ്യവസ്ഥയനുസരിച്ച് ലഭിക്കേണ്ട ഇൻക്രിമെന്റ്, ഗ്രേഡ്, ലീവ്, പെൻഷൻ തുടങ്ങിയ എല്ലാ ആനുകൂല്യങ്ങളും അനുവദിച്ചുകൊണ്ട് ഉത്തരവുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

**സി.ഉസ്മാൻ**
ജനറൽ സെക്രട്ടറി
കെ.എസ്.ടി.എ.